**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - ഭക്ഷ്യസുരക്ഷാ വകുപ്പ് - ജീവനക്കാര്യം - അപകടത്തെ തുടർന്ന് 75% ഭിന്നശേഷിത്വം സംഭവിച്ച ഭക്ഷ്യസുരക്ഷാ ഓഫീസർ, ശ്രീമതി.ഹസ്ന വി.പി. യെ സർവ്വീസിൽ നിലനിർ ത്തുന്നതിനായി മലപ്പുറം ജില്ലയിലെ തവനൂർ ഭക്ഷ്യസുരക്ഷാ കാര്യാലയത്തിൽ ഭക്ഷ്യസുരക്ഷാ ഓഫീസറുടെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യകുടുംബക്ഷേമ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1436/2025/H&FWD തീയതി,തിരുവനന്തപുരം, 26-05-2025

---

പരാമർശം:- ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ 07/10/2024 ലെ സി.എഫ്.എസ്./ 2672/2024-എ1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ഭക്ഷ്യ സുരക്ഷാ ഓഫീസർ ആയ ശ്രീമതി ഹസ്ന വി.പി.-യ്ക്ക് 2018 ജൂൺ 16-ാം തീയതി സംഭവിച്ച അപകടത്തെ തുടർന്ന് നട്ടെല്ലിന് ക്ഷതമേറ്റും കൈകാലുകൾ തളർന്നും ജോലിയിൽ പ്രവേശിക്കുവാനാകാത്ത സ്ഥിതിയിലാണെന്നും 2024 ജൂൺ 26-ാം തീയതി നടത്തിയ മെഡിക്കൽ ബോർഡ് പരിശോധനയിൽ നിലവിൽ ടിയാൾക്ക് ജോലിയിൽ തിരികെ പ്രവേശിക്കുവാൻ കഴിയുകയില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ഭക്ഷ്യ സുരക്ഷാ കമ്മീഷണർ പരാമർശ കത്ത് പ്രകാരം അറിയിക്കുകയും, The Right of Persons with Disabilities Act, 1995-ലെ വ്യവസ്ഥകൾ പ്രകാരം സൂപ്പർ ന്യൂമെററി തസ്തിക സൃഷ്ടിച്ച് ശമ്പളത്തോടെ തുടരാൻ അനുവദിക്കണമെന്നുമപേക്ഷിച്ച് ടിയാൾ സമർപ്പിച്ച അപേക്ഷ തുടർ നടപടികൾക്കായി ലഭ്യമാക്കുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ സെക്ഷൻ 20(4)-ന്റെ ഒന്നാം പ്രൊവൈസോ പ്രകാരം സർവ്വീസിലിരിക്കെ വഹിച്ചുകൊണ്ടിരിക്കുന്ന തസ്തികയിൽ തുടർന്ന് സേവനമനുഷ്ടിക്കാൻ കഴിയാത്തവിധം

വികലാംഗത്വം സംഭവിച്ച ജീവനക്കാരനെ അതേ ശമ്പള സ്കെയിലും സർവ്വീസ് ആനുകൂല്യങ്ങളും ഉള്ള മറ്റൊരു തസ്തികയിലേക്ക് മാറ്റി നിയമിക്കേണ്ടതാണെന്നും രണ്ടാം പ്രൊവൈസോ പ്രകാരം ഇപ്രകാരം അനുയോജ്യമായ തസ്തിക ലഭ്യമല്ലാത്തപക്ഷം, അനുയോജ്യമായ തസ്തിക ലഭ്യമാകുന്നതുവരെയോ വിരമിക്കൽ തീയതി വരെയോ ഏതാണോ ആദ്യം അത് വരെ, സൂപ്പർന്യൂമററി തസ്തികയിൽ നിലനിർത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു.

3. മേൽ സാഹചര്യത്തിൽ, അപകടത്തെത്തുടർന്ന് 75% ഭിന്നശേഷിത്വം സംഭവിച്ച മലപ്പുറം ജില്ലയിലെ തവനൂർ ഭക്ഷ്യസുരക്ഷാ കാര്യാലയത്തിലെ ഭക്ഷ്യ സുരക്ഷാ ഓഫീസർ ശ്രീമതി.ഹസ്ന വി.പി.-യെ ഭക്ഷ്യസുരക്ഷാ വകുപ്പിൽ നിലനിർത്തുന്നതിനായി 2016 ലെ ഭിന്നശേഷി അവകാശ നിയമം, വകുപ്പ് 20(4) പ്രകാരം മലപ്പുറം ജില്ലയിലെ തവനൂർ ഭക്ഷ്യസുരക്ഷാ കാര്യാലയത്തിൽ, അനുയോജ്യമായ തസ്തിക ലഭ്യമാകുന്നതുവരെയോ വിരമിക്കൽ തീയതി വരെയോ ഏതാണോ ആദ്യം അത് വരെ എന്ന വ്യവസ്ഥയിൽ, ഭക്ഷ്യസുരക്ഷാ ഓഫീസറുടെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിനും ടിയാളുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും സംരക്ഷിച്ച് പ്രസ്തുത തസ്തികയിൽ നിലനിറുത്തുന്നതിനും അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാലാകാലങ്ങളിൽ മെഡിക്കൽ പരിശോധന നടത്തി ടിയാൾ ആരോഗ്യം വീണ്ടെടുത്ത് സമാന തസ്തികയിൽ ഏതെങ്കിലും ജോലിചെയ്യുന്നതിന് അനുയോജ്യയാണോ എന്ന വിലയിരുത്തൽ ഭക്ഷ്യസുരക്ഷാ കമ്മീഷണർ നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ & ഇ), തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പിന് (20/05/2025 തീയതിയിലെ മന്ത്രിസഭായോഗ തീരുമാനം ഇനം നം. 2967 പ്രകാരം)

ധനകാര്യ വകുപ്പ് (06/01/2025 തീയതിയിലെ 2972328/HLT-B1/179/2024-FIN നം. കുറിപ്പ് പ്രകാരം)

സാമൂഹ്യനീതി (ബി) വകുപ്പ് (21/01/2025 തീയതിയിലെ SJD-B1/44/2025-SJD നം. കുറിപ്പ് പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Swapna J
സെക്ഷൻ ഓഫീസർ
Date: 27-05-2025 11:28:27

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-05-2025

ഫയൽ നം. ഇ1/442/2024/ആകുവ. ഇനം നം: 2967

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - ഭക്ഷ്യ സുരക്ഷാ ഓഫീസറായ ശ്രീമതി. ഹസ്ന വി.പി.-യെ 2016-ലെ ഭിന്നശേഷി അവകാശ നിയമം വകുപ്പ് 20(4) പ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ നിലനിർത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

2967

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | E1/442/2024/ആകുവ |
| 2. വകുപ്പ് | ആരോഗ്യ കുടുംബ ക്ഷേമ (ഇ) വകുപ്പ് |
| 3. വിഷയം | ഭക്ഷ്യ സുരക്ഷാ ഓഫീസറായ ശ്രീമതി. ഹസ്ന വി.പി യെ 2016 ലെ ഭിന്നശേഷി അവകാശ നിയമം വകുപ്പ് 20(4) പ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ നിലനിർത്തുന്നത് സംബന്ധിച്ച് |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 15/04/2025 |
| 5. (1) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(2) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതേ<br>ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>ഉണ്ട് |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ചിത്ര കെ. ദിവാകരൻ |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. രാജൻ നാംദേവ് ഖോബ്രഗഡെ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 29/04/2025 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 09/05/2025 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. വീണാ ജോർജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 15/05/2025 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 17/05/2025 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്തതീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | |

## <u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

അപകടത്തെ തുടർന്ന് കിടപ്പിലായ മലപ്പുറം ജില്ലയിലെ തവനൂർ ഭക്ഷ്യസുരക്ഷാ കാര്യാലയത്തിലെ ഭക്ഷ്യ സുരക്ഷാ ഓഫീസർ ശ്രീമതി. ഹസ്ന വി. പി. - യെ സർവ്വീസിൽ നിലനിറുത്തുന്നതിനായി സൂപ്പർ ന്യൂമെററി തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ഭക്ഷ്യ സുരക്ഷാ ഓഫീസർ ആയി ജോലി ചെയ്യവേ ശ്രീമതി. ഹസ്ന വി. പി. യ്ക്ക് 2018 ജൂൺ 16 ന സംഭവിച്ച അപകടത്തെ തുടർന്ന് നട്ടെല്ലിന് ക്ഷതമേൽക്കുകയുണ്ടായെന്നും 2024 ജൂൺ 26 ന നടത്തിയ മെഡിക്കൽ ബോർഡ് പരിശോധനയിൽ ശ്രീമതി. ഹസ്ന വി. പി. നിലവിൽ ജോലിയിൽ തിരിച്ച് പ്രവേശിക്കുവാൻ കഴിയുകയില്ലെന്ന് റിപ്പോർട്ട് ലഭിക്കുകയുണ്ടായെന്നും ആയതിനാൽ PWD Act (The Right of Persons with Disabilities) 1995 സെക്ഷൻ 47(1) പ്രകാരം സൂപ്പർ ന്യൂമെററി തസ്തിക സൃഷ്ടിച്ച് ശമ്പളത്തോടെ തുടരാൻ അനുവദിക്കണമെന്നും ഭക്ഷ്യസുരക്ഷാ കമ്മീഷണർ ശുപാർശ ചെയ്യുകയുണ്ടായി.

3. ശ്രീമതി. ഹസ്ന വി. പി. യെ സർവീസിൽ നിലനിർത്തുന്നതിനായി ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കണമെന്ന ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ ശുപാർശയിന്മേൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം ലഭ്യമാക്കുകയുണ്ടായി.

*" ശ്രീമതി. ഹസ്ന വി. പി. യ്ക്ക് ഡിസെബിലിറ്റീസ് ആക്റ്റിന്റെ ആനുകൂല്യത്തിന് അർഹതയുണ്ടോ എന്നത് സംബന്ധിച്ച് സാമൂഹ്യ നീതി വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞ് തുടർ നടപടി സ്വീകരിക്കുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു. "*

4. മേൽ വിഷയത്തിൽ *സാമൂഹ്യ നീതി* വകുപ്പിന്റെ അഭിപ്രായം ചുവടെ കണ്ടാലും.

*" 2018 ലെ ഭിന്നശേഷി അവകാശ നിയമത്തിലെ സെക്ഷൻ 20(4)-ന്റെ ഒന്നാം പ്രൊവൈസോ പ്രകാരം സർവ്വീസിലിരിക്കെ വഹിച്ചു കൊണ്ടിരിക്കുന്ന തസ്തികയിൽ തുടർന്ന് സേവനമനുഷ്ഠിക്കാൻ കഴിയാത്ത വിധം വികലാംഗത്വം സംഭവിച്ച ജീവനക്കാരനെ അതേ ശമ്പള സ്കെയിലും സർവ്വീസ് ആനുകൂല്യങ്ങളും ഉള്ള മറ്റൊരു തസ്തികയിലേക്ക് മാറ്റി നിയമിക്കേണ്ടതാണെന്നും ഇപ്രകാരം അനുയോജ്യമായ തസ്തിക ലഭ്യമല്ലാത്തപക്ഷം അനുയോജ്യമായ തസ്തിക ലഭ്യമാകുന്നതുവരെയോ വിരമിക്കൽ തീയതി വരെയോ ഏതാണോ ആദ്യം അത് വരെ സൂപ്പർന്യൂമററി തസ്തികയിൽ നിലനിർത്തേണ്ടതാണെന്ന് രണ്ടാം പ്രൊവൈസോയും വ്യവസ്ഥ ചെയ്യുന്നു. ഈ സാഹചര്യത്തിൽ അപകടത്തിൽപ്പെട്ട് ശരീരം തളർന്നുപോയ മലപ്പുറം തവനൂർ ഭക്ഷ്യസുരക്ഷ കാര്യാലയത്തിലെ ഭക്ഷ്യ സുരക്ഷാ ഓഫീസറായ ശ്രീമതി. ഹസ്ന വി.പി. യെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാളുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും സംരക്ഷിച്ച് ടി തസ്തികയിൽ നിയമിക്കാവുന്നതാണ്. അതോടൊപ്പം കാലാകാലങ്ങളിൽ മെഡിക്കൽ പരിശോധന നടത്തി ടിയാൾ ആരോഗ്യം വീണ്ടെടുത്ത് സമാന തസ്തികയിൽ ഏതെങ്കിലും ജോലിചെയ്യുന്നതിന് അനുയോജ്യമാണോ എന്ന വിലയിരുത്തൽ ഭക്ഷ്യ സുരക്ഷാ കമ്മീഷണർ നടത്തേണ്ടതാണെന്നുമുള്ള വിവരവും അറിയിക്കുന്നു."*

5. ശ്രീമതി. ഹസ്ന വി.പി. യെ 2016 ലെ ഭിന്നശേഷി അവകാശ നിയമം വകുപ്പ് 20(4) പ്രകാരം മലപ്പുറം ജില്ലയിലെ തവനൂർ ഭക്ഷ്യ സുരക്ഷാ കാര്യാലത്തിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിലനിർത്തുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

അപകടത്തെതുടർന്ന് 75% സ്ഥിരമായ ഭിന്നശേഷിത്വം സംഭവിച്ച ശ്രീമതി. ഹസ്ന വി.പി. - യെ ഭക്ഷ്യസുരക്ഷാ വകുപ്പിൽ നിലനിറുത്തുന്നതിനായി 2016 ലെ ഭിന്നശേഷി അവകാശ നിയമം വകുപ്പ് 20(4) പ്രകാരം മലപ്പുറം ജില്ലയിലെ തവനൂർ ഭക്ഷ്യസുരക്ഷാ കാര്യാലയത്തിൽ, അനുയോജ്യമായ തസ്തിക ലഭ്യമാകുന്നതുവരെയോ വിരമിക്കൽ തീയതി വരെയോ ഏതാണോ ആദ്യം അത് വരെ എന്ന വ്യവസ്ഥയിൽ, ഭക്ഷ്യസുരക്ഷാ ഓഫീസറുടെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കാവുന്നതും ടിയാളുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും സംരക്ഷിച്ച് പ്രസ്തുത തസ്തികയിൽ നിലനിറുത്താവുന്നതുമാണോ ?

**GOVERNMENT OF KERALA**
**(Sri. Pinarayi Vijayan Ministry)**
**NOTE FOR THE COUNCIL OF MINISTERS**

| | |
|---|---|
| 1. File No. | E1/442/2024-HEALTH |
| 2. Department | Health & Family Welfare (E) Department |
| 3. Subject | Creation of a supernumerary post to retain Smt. Hasna V.P., Food Safety Officer, as per Section 20(4) of the Rights of Persons with Disabilities Act, 2016. - reg |
| 4. Date of Chief Minister's order for placing before the Council | 15/04/2025 |
| 5. (i) Does the case involve financial commitments /implications<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | Yes<br><br>Yes |
| 6. Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | Yes<br><br>Yes |
| 7. Name of Joint Secretary who submitted the Draft Note | Smt. Chithra K. Divakaran |
| 8. Name of Additional Chief Secretary who approved the Draft Note | Dr. Rajan Namdev Khobragade |
| 9. Date of approval of the Draft Note for the Council by the Additonal Chief Secretary | 29/04/2025 |
| 10. Name of Chief Secretary who approved the Draft Note | Dr. A. Jayathilak |
| 11. Date of approval of the Draft Note for the Council by the Chief Secretary | 09/05/2025 |
| 12. Name of Minister who approved the Draft Note | Smt. Veena George |
| 13. Date of approval of Draft Note for the Council by Minister | 15/05/2025 |
| 14. Date of submission of fair copies | 17/05/2025 |
| 15. Date of decision by the Council of Ministers | |
| 16. Number and date of the GO/letter Communicating the decision | |

# NOTE FOR COUNCIL OF MINISTERS

This note deals the creation of a supernumerary post to retain Smt. Hasna V.P., Food Safety Officer at the Food Safety Office in Thavanur, Malappuram district, who was bedridden following an accident.

2. The Food Safety Commissioner has reported that while working as a Food Safety Officer in the Food Safety Department, Smt. Hasna V. P. sustained a spinal injury following an accident on 16/06/2018 and the Medical Board examination conducted on 26/06/2024 reported that she is currently unable to return to work and therefore the Food Safety Commissioner has recommended that necessary steps be taken to create a supernumerary post to retain her in service with pay as per Section 47(1) of the PWD Act (The Right of Persons with Disabilities), 1995.

3. On the recommendation of the Food Safety Commissioner to create a supernumerary post to retain Smt. Hasna V.P. in service, Finanace Department has opined as follows;

*" ശ്രീമതി. ഹസ്ന വി. പി. യ്ക്ക് ഡിസെബിലിറ്റീസ് ആക്ടിന്റെ ആനുകൂല്യത്തിന് അർഹതയുണ്ടോ എന്നത് സംബന്ധിച്ച് സാമൂഹ്യ നീതി വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞ് തുടർ നടപടി സ്വീകരിക്കുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു. "*

4. Social Justice Department has opined as follows;

*" 2018 ലെ ഭിന്നശേഷി അവകാശ നിയമത്തിലെ സെക്ഷൻ 20(4)-ന്റെ ഒന്നാം പ്രൊവൈസോ പ്രകാരം സർവ്വീസിലിരിക്കെ വഹിച്ചു കൊണ്ടിരിക്കുന്ന തസ്തികയിൽ തുടർന്ന് സേവനമനുഷ്ഠിക്കാൻ കഴിയാത്ത വിധം വികലാംഗത്വം സംഭവിച്ച ജീവനക്കാരനെ അതേ ശമ്പള സ്കെയിലും സർവ്വീസ് ആനുകൂല്യങ്ങളും ഉള്ള മറ്റൊരു തസ്തികയിലേക്ക് മാറ്റി നിയമിക്കേണ്ടതാണെന്നും ഇപ്രകാരം അനുയോജ്യമായ തസ്തിക*

ലഭ്യമല്ലാത്തപക്ഷം അനുയോജ്യമായ തസ്തിക ലഭ്യമാകുന്നതുവരെയോ വിരമിക്കൽ തീയതി വരെയോ ഏതാണോ ആദ്യം അത് വരെ സൂപ്പർന്യൂമററി തസ്തികയിൽ നിലനിർത്തേണ്ടതാണെന്ന് രണ്ടാം പ്രൊവൈസോയും വ്യവസ്ഥ ചെയ്യുന്നു. ഈ സാഹചര്യത്തിൽ അപകടത്തിൽപ്പെട്ട് ശരീരം തളർന്നുപോയ മലപ്പുറം തവനൂർ ഭക്ഷ്യസുരക്ഷ കാര്യാലയത്തിലെ ഭക്ഷ്യ സുരക്ഷാ ഓഫീസറായ ശ്രീമതി ഹസ്ന വി.പി. യെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാളുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും സംരക്ഷിച്ച് ടി തസ്തികയിൽ നിയമിക്കാവുന്നതാണ്. അതോടൊപ്പം കാലാകാലങ്ങളിൽ മെഡിക്കൽ പരിശോധന നടത്തി ടിയാൾ ആരോഗ്യം വീണ്ടെടുത്ത് സമാന തസ്തികയിൽ ഏതെങ്കിലും ജോലിചെയ്യുന്നതിന് അനുയോജ്യമാണോ എന്ന വിലയിരുത്തൽ ഭക്ഷ്യ സുരക്ഷാ കമ്മീഷണർ നടത്തേണ്ടതാണെന്നുമുള്ള വിവരവും അറിയിക്കുന്നു. "

5. The Hon'ble Chief Minister has ordered to place the matter of creating a supernumerary post under Section 20(4) of the Rights of Persons with Disabilities Act, 2016, and retaining Smt. Hasna V.P., Food Safety Officer at the Food Safety Office in Thavanùr, Malappuram District before the Council of Ministers.

**Point for Decision**

Whether a supernumerary post of Food Safety Officer may be created at the Food Safety Office, Thavanur, Malappuram District under Section 20(4) of the Rights of Persons with Disabilities Act, 2016, and Smt. Hasna V.P., who has suffered 75% permanent disability due to an accident, and may be retained in that post protecting the salary and other benefits, on condition that the post will cease to exist, until a suitable post becomes available or until the date of retirement, whichever comes first ?